Talented Bankers Literary Panel
പുസ്തകപരിചയം 263

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

അധീശം
അരുൺ എ കെ

'ട്രഷർ ഹണ്ട്' എന്ന ക്രൈം ത്രില്ലെറിനു ശേഷം അരുൺ എ.കെ യുടെ തൂലികയിൽ നിന്നുമുള്ള മറ്റൊരു മികച്ച ത്രില്ലെറാണ് 'അധീശം'.. ✍️

യൂണിയൻ ബാങ്കിൽ ക്രെഡിറ്റ് ഓഫീസറായി ജോലി ചെയുന്ന നമ്മുടെ ടാലെന്റഡ് ബാങ്കർ അരുൺ എ.കെയുടെ പുതിയ നോവലായ 'അധീശം' പ്രസിദ്ധീകരിച്ചിരിക്കുന്നത് ഡ്രീം ബുക്ക്ബൈണ്ടറി ആണ്. നൂറ്റാണ്ടുകൾക്ക് മുൻപുള്ള രാജഭരണകാലത്തെയും ഈ പുത്തൻ കാലത്തെയും തമ്മിൽ കോർത്തിണക്കിയ ഈ സിനിമാറ്റിക് ത്രില്ലെർ, വായനയിലുടനീളം നമ്മളിൽ ആകാംഷ നിറയ്ക്കുന്നുണ്ട്. ശിവപുരം എന്ന നാട്ടുരാജ്യവും, രാജാവായ ശിവ കാർത്തികേയനും. ശിവപുരത്തിനെ അയൽ രാജ്യമായ കോട്ടയിൽ ആക്രമിച്ചു കീഴ്പെടുത്താൻ ശ്രമിക്കുന്നിടത്ത് നിന്നാണ് കഥ ആരംഭിക്കുന്നത്. ഇടയ്ക്കിടെ വർത്തമാനകാലത്തിലേയ്ക്കും ഭൂതകാലത്തിലേയ്ക്കും കഥ മാറിമറിയുന്നുണ്ടെങ്കിലും, ഒരിടത്ത് പോലും ഇതിലെ രസചരട് മുറിഞ്ഞു പോകുന്നില്ല എന്നുള്ളത് എടുത്ത് പറയേണ്ട ഒരു വസ്തുത തന്നെയാണ്. വായനക്കാരനെ ആകാംഷയുടെ മുൾമുനയിൽ പിടിച്ചു നിർത്തുവാനുതകുന്ന ചേരുവകൾ, കഥയിലുടനീളം യഥേഷ്ടം ചേർക്കുവാൻ കഥാകൃത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട് എന്നതും വ്യക്തം.

വെള്ളിമലയിലെ മഹാരി ഗോത്രവും, തങ്ക ശിവലിംഗവും വർത്തമാനകാലത്തിലും പ്രസക്തമാകുന്നു. വിവിധ കാലഘട്ടങ്ങളെ പരസ്പരം കോർത്തിണക്കുന്ന ചെറുകണ്ണികൾ അത്ഭുതമുളവാക്കുന്നുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള നിഗൂഢരഹസ്യങ്ങൾ വെളിപ്പെടാൻ ഒരു ജലാശയം നിമിത്തമാവുന്നു. ഗപ്പികൾ നിറഞ്ഞ ഒരു കുഞ്ഞു ജലാശയം. കഥ വായിച്ചുത്തീരുമ്പോൾ ഒരു പക്കാ ത്രില്ലെർ സിനിമ കണ്ടിറങ്ങുന്ന ഫീൽ തരുന്നുണ്ട് ഈ പുസ്തകം. ഒറ്റയിരുപ്പിന് വായിച്ചു തീർക്കാനാവാതെ, ഈ പുസ്തകം നിങ്ങൾക്ക് നിലത്ത് വെക്കുവാനാവില്ല.. തീർച്ച!!

പ്രസാധകർ: ഡ്രീം ബുക്ക്ബൈന്ററി
വില: Rs. 199/-